**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മൽസ്യബന്ധന തുറമുഖ വകുപ്പ് - 'മോട്ടോറൈസേഷൻ ഓഫ് കൺട്രി ക്രാഫ്റ്റ്സ്', സ്യൂറ്റബിൾ കോംപിനേൻറ് സ് ഫോർ ഫിഷിങ് ഗിയർ സ്ബ്സിഡി' എന്നീ പദ്ധതികളുടെ നടത്തിപ്പിനായുള്ള ഫണ്ട് അനുവദിച്ച ഉത്തരവാകുന്നു.

---

**മൽസ്യബന്ധന തുറമുഖ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.955/2018/മ.തു.വ** തീയതി,തിരുവനന്തപുരം, 05/12/2018

---

പരാമർശം:- 1 17.07.2018 ലെ സ.ഉ (സാ.ധാ) നം 573/2018/മ.തു.വ നമ്പർ ഉത്തരവ്

2 ഫിഷറീസ് ഡയറക്ടറുടെ 12.09.2018 ലെ ജി3/7002/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

'മോട്ടറൈസേഷൻ ഓഫ് കൺട്രി ക്രാഫ്റ്റ്സ്' എന്ന പദ്ധതിക്ക് 60 ലക്ഷം രൂപയും 'സ്യൂട്ടബിൾ കംപോണൻസ് ഫോർ ഫിഷിംഗ് ഗിയർ സബ്സിഡി' എന്ന പദ്ധതിയ്ക്ക് 40 ലക്ഷം രൂപയും ഉൾപ്പെടെ 2018-19 സാമ്പത്തിക വർഷം നടപ്പാക്കുന്നതിന് 100ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം (1) ലെ ഉത്തരവ് പ്രകാരം നൽകുകയുണ്ടായി. 'മോട്ടറൈസേഷൻ ഓഫ് കൺട്രി ക്രാഫ്റ്റ്സ്' എന്ന പദ്ധതിയിൽ 2 0 0 മത്സ്യത്തൊഴിലാളികളാണ് ഗുണഭോക്താക്കൾ. കൂടാതെ കോസ്റ്റ് നിശ്ചയിച്ചിരിക്കുന്നത് 30,000/- രൂപയാണ്. 40 എച്ച്. പി വരെ ഔട്ട് ബോർഡ് എഞ്ചിൻ കപ്പാസിറ്റിയുള്ള പരമ്പരാഗത വള്ളങ്ങളാണ് പദ്ധതിയിലുൾപ്പെടുന്നത്. 'സ്യൂട്ടബിൾ കംപോണൻസ് ഫോർ ഫിഷിംഗ് ഗിയർ സബ്സിഡി' പദ്ധതിയിൽ 400 മത്സ്യത്തൊഴിലാളികളാണ് ഗുണഭോക്താക്കൾ. യൂണിറ്റ് കോസ്റ്റ് 10,000/- രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. 10 എച്ച്.പി യ്ക്ക് താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ ഘടിപ്പിച്ച പരമ്പരാഗത വള്ളങ്ങളാണ് പദ്ധതിയിലുൾപ്പെടുന്നത് . 'മോട്ടറൈസേഷൻ ഓഫ് കൺട്രി ക്രാഫ്റ്റ്സ്', 'സ്യൂട്ടബിൾ കംപോണൻസ് ഫോർ ഫിഷിംഗ് ഗിയർ സബ്സിഡി' എന്നീ 2 പദ്ധതികൾക്കായി 2018-19 സാമ്പത്തിക വർഷം നടപ്പാക്കുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ മത്സ്യഫെഡിന് 100 ലക്ഷം രൂപ 2405-00-110-98 എന്ന ശീർഷകത്തിൽ ലഭ്യമായ തുകയിൽ നിന്നും അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം അപേക്ഷിച്ചിരുന്നു.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച .'മോട്ടറൈസേഷൻ ഓഫ് കൺട്രി ക്രാഫ്റ്റ്സ്', 'സ്യൂട്ടബിൾ കംപോണൻസ് ഫോർ ഫിഷിംഗ് ഗിയർ സബ്സിഡി' എന്നീ

2 പദ്ധതികൾക്കായി 2018-19 സാമ്പത്തിക വർഷം നടപ്പാക്കുന്നതിനായി 100ലക്ഷം രൂപ (ഒരു കോടി രൂപ മാത്രം) ('മോട്ടറൈസേഷൻ ഓഫ് കൺട്രി ക്രാഫ്റ്റ്സ് ' - 60 ലക്ഷം രൂപ, 'സ്യൂട്ടബിൾ കംപോണൻസ് ഫോർ ഫിഷിംഗ് ഗിയർ സബ്സിഡി' പദ്ധതി - 40 ലക്ഷം രൂപ) 2405-00-110-98 എന്ന ശീർഷകത്തിൽ ലഭ്യമായ തുകയിൽ നിന്നും, മൽസ്യഫെഡിൽ നിന്നും വിവരം ശേഖരിച്ച ശേഷം ഗുണഭോക്താക്കൾക്ക് ഫിഷറീസ് ഡയറക്ടർ നേരിട്ട് തുക നൽകേണ്ടതാണ് എന്ന വ്യവസ്ഥയിൽ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗിരിജ കുമാരി.ജി**

**ജോയിന്റ് സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

മാനേജിങ് ഡയറക്ടർ, മത്സ്യഫെഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ധനകാര്യവകുപ്പ്( 15.11.18 ലെ DEV– 3/250/18/ധന)

വിവരവും പൊതുജനസമ്പർക്കവും വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ